പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2616** | **05-11-2019-ൽ മറുപടിക്ക്**

**നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട തീർത്ഥാടന ടൂറിസം പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ആൻസലൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമിക്ഷേത്രവുമായി ബന്ധപ്പെട്ട് തീർത്ഥാടന ടൂറിസം പദ്ധതിക്ക് ദേവസ്വം ബോർഡ് ടൂറിസം വകുപ്പിന് അനുമതിപത്രം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | അനുമതിപത്രം ദേവസ്വം ബോർഡിൽ നിന്നും ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത അനുമതിപത്രം നൽകുന്ന നടപടികൾ വൈകിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) | ശ്രീകൃഷ്ണസ്വാമിക്ഷേത്രവുമായി ബന്ധപ്പെട്ട തീർത്ഥാടന ടൂറിസം പദ്ധതിയുടെ സാധ്യതകൾ ടൂറിസം വകുപ്പ് പരിശോധനാവിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രഭാരവാഹികളുമായി ചേർന്ന് സ്ഥലലഭ്യത പരിശോധിച്ച് വിശദമായ പദ്ധതി അടങ്കൽ സമർപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിക്കുള്ള ഭരണാനുമതി നൽകുന്ന ഘട്ടത്തിൽ അനുമതിപത്രമുൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പു വരുത്തുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് ഏതൊക്കെ പ്രവൃത്തികൾക്കാണ് വകുപ്പിനോട് അനുമതിപത്രം ആവശ്യപ്പെട്ടതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ